compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 26
**Tuesday, 26th May 2026**

**1201 ഇടവം 12**
**12th Idavam 1201**

**1948 ജ്യേഷ്ഠം 5**
**5th Jyaishta 1948**

വാല്യം **15**
**Vol. XV**

നമ്പർ **21**
**No.**

## Part III

## Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGNTA/554/2026/UI(4). 2026 മേയ് 8.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 14-11-2025 തീയതിയിലെ JRGTVM/2291/2025-AEL നമ്പർ ഉത്തരവ് പ്രകാരം പാറശ്ശാല ഗ്രാമ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 640-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് തീയതി മുതൽ 2 മാസത്തിനകം നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലിക്വിഡേറ്ററായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരുവിധ അവകാശവാദവും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ-
പാറശ്ശാല ഗ്രാമ സഹകരണ സംഘം
ക്ലിപ്തം നമ്പർ റ്റി 640
പാറശ്ശാല യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, നെയ്യാറ്റിൻകര.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പത്തനംതിട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: സുജാത, എം. പി.)

നമ്പർ JRGPTA/1036/2025-CRB. 2026 മേയ് 10.

വിഷയം:— പത്തനംതിട്ട ആപ്കോസ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 205— സമാപ്തീകരണ നടപടി സ്വീകരിക്കുന്നതിനായി ലിക്വിഡേറ്ററിനെ നിയമിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത്— സംബന്ധിച്ച്.

സൂചന:— (1) മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മല്ലപ്പള്ളി യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 (2) പ്രകാരമുള്ള വിശദപരിശോധനാ റിപ്പോർട്ട്.

(2) മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 29-10-2025-ലെ ARGMPY/237/2025-UI (1) നമ്പർ കത്ത്.

പത്തനംതിട്ട ആപ്കോസ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 205, മല്ലപ്പള്ളി ആസ്ഥാനമായി 11-7-2005-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, എന്നാൽ പ്രവർത്തനം ഒന്നും തന്നെ ആരംഭിച്ചിട്ടില്ലാത്തതുമാണ്. സംഘത്തിൽ മിനിട്സ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ലാത്തതും, ആഡിറ്റ് നടന്നിട്ടില്ലാത്തതുമാണ്. സംഘത്തിൽ നാളിതുവരെ ഭരണ സമിതി തിരഞ്ഞെടുപ്പ് നടന്നിട്ടില്ലാത്തതും സംഘത്തിലെ അംഗങ്ങൾക്ക് സംഘത്തിന്റെ പ്രവർത്തനം മുൻപോട്ട് കൊണ്ടുപോകാൻ താല്പര്യമില്ലാത്തതാണെന്നും ടി സംഘത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് നാളിതുവരെ ഒരു ശ്രമവും നടന്നിട്ടില്ലായെന്നും, സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് യാതൊരുവിധ സാധ്യതയും ഇല്ലായെന്നും സൂചന (1) പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് യാതൊരുവിധ സാധ്യതയും ഇല്ലാത്തതിനാൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

സംഘം പുനരുദ്ധരിക്കുന്നതിന് യാതൊരുവിധ സാധ്യതയും ഇല്ലാത്തതിനാലും ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയൻ, കേരള സംസ്ഥാന സഹകരണ ബാങ്ക്, പുറമറ്റം ശാഖാ മാനേജർ എന്നിവർ ടി വിഷയം സംബന്ധിച്ച് എതിർ അഭിപ്രായം നൽകാത്തതുമായ സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിന് കഴിയില്ല എന്ന് ഉത്തമബോധ്യം വന്ന സാഹചര്യത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെയും, മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയും പരിഗണിച്ച് കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഉത്തരവ്**

പത്തനംതിട്ട ആപ്കോസ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 205, പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുന്നു. ലിക്വിഡേറ്റർ ചുമതല ഉടൻ ഏറ്റെടുക്കേണ്ടതും, ചാർജ്ജ് എടുത്ത വിവരവും മുതലുകളുടെയും റിക്കാർഡുകളുടെയും വിവരങ്ങൾ സഹിതം യഥാസമയം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചാർജ്ജ് എടുത്തശേഷം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തേണ്ടതും, ലിക്വിഡേഷൻ തീയതിയിലെ ബാക്കി പത്രം തയ്യാറാക്കി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിലേക്കായി പകർപ്പുകൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ JRGPTA/585/2026-CRB. 2026 മേയ് 10.

വിഷയം:— പത്തനംതിട്ട ഹെൽത്ത് ഡിപ്പാർട്ടുമെന്റ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 264— സമാപ്തീകരണ നടപടി സ്വീകരിക്കുന്നതിനായി ലിക്വിഡേറ്ററിനെ നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നത്— സംബന്ധിച്ച്.

സൂചന:— (1) കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പത്തനംതിട്ട യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 (2) പ്രകാരമുള്ള വിശദപരിശോധനാ റിപ്പോർട്ട്.

(2) കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 30-1-2026-ലെ ARGKZY/515/2025-UI (1) നമ്പർ കത്ത്.

പത്തനംതിട്ട ഹെൽത്ത് ഡിപ്പാർട്ടുമെന്റ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 264, കോഴഞ്ചേരി ആസ്ഥാനമായി 28-4-2014-ൽ രജിസ്റ്റർ ചെയ്തു 28-6-2014-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. സംഘത്തിലെ സകല റെക്കോർഡുകളും, ജംഗമ വസ്തുക്കളും 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടു പോയിട്ടുള്ളതിനാലും, ആഡിറ്റ് നടന്നിട്ടില്ലാത്തതുമാണ്. സംഘത്തിലെ അംഗങ്ങൾക്ക് സംഘത്തിന്റെ പ്രവർത്തനം മുൻപോട്ടു കൊണ്ടുപോകാൻ താല്പര്യമില്ലാത്തതാണെന്നും ടി സംഘത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് നാളിതുവരെ ഒരു ശ്രമവും നടന്നിട്ടില്ലായെന്നും, സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് യാതൊരുവിധ സാധ്യതയും ഇല്ലായെന്നും സൂചന (1) പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്നതിനു യാതൊരുവിധ സാധ്യതയും ഇല്ലാത്തതിനാൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘം പുനരുദ്ധരിക്കുന്നതിനു യാതൊരുവിധ സാധ്യതയും ഇല്ലാത്തതിനാലും ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയൻ, കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നിവർ ടി വിഷയം സംബന്ധിച്ച് എതിർ അഭിപ്രായം നല്കാത്തതുമായ സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിനു കഴിയില്ല എന്ന് ഉത്തമബോധ്യം വന്ന സാഹചര്യത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെയും, കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയും പരിഗണിച്ചു കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

പത്തനംതിട്ട ഹെൽത്ത് ഡിപ്പാർട്ടുമെന്റ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 264, പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ വള്ളിക്കോട് യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുന്നു. ലിക്വിഡേറ്റർ ചുമതല ഉടൻ ഏറ്റെടുക്കേണ്ടതും, ചാർജ് എടുത്ത വിവരവും മുതലുകളുടെയും റെക്കോർഡുകളുടെയും വിവരങ്ങൾ സഹിതം യഥാസമയം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചാർജ് എടുത്ത ശേഷം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തേണ്ടതും, ലിക്വിഡേഷൻ തീയതിയിലെ ബാക്കി പത്രം തയ്യാറാക്കി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിലേക്കായി പകർപ്പുകൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. .

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
പത്തനംതിട്ട. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

.

.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: സുബിന, വി. കെ.)

നമ്പർ HM/2200/2024. 2026 ഫെബ്രുവരി 27.

വിഷയം:— സഹകരണ വകുപ്പ്— കാവാലം കുന്നുമ്മ വില്ലേജ് കാർഷികോൽപ്പന്ന സംഭരണ വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ എ 1086— സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്— സംബന്ധിച്ച്.

സൂചന:— (1) കുട്ടനാട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 25-7-2024-ലെ ARGKND/531/2024-OI(1) നമ്പർ കത്ത്.

(2) കാവാലം യൂണിറ്റ് ഇൻസ്പെക്ടർ സമർപ്പിച്ച സഹകരണ നിയമം വകുപ്പ് 66 പരിശോധന റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച 28-11-2024 തീയതിയിലെ സഹകരണ നിയമം വകുപ്പ് 77(1) പ്രകാരമുള്ള HM/2200/2024 നമ്പർ നോട്ടീസ്.

കാവാലം കുന്നുമ്മ വില്ലേജ് കാർഷികോൽപ്പന്ന സംഭരണ വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ എ 1086-ൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നതിന് കുട്ടനാട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 16-10-2024-ലെ ARGKND/531/2024-OI നമ്പർ ഉത്തരവ് പ്രകാരം ടി ആഫീസിലെ കാവാലം യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ കാവാലം കുന്നുമ്മ വില്ലേജുകൾ പ്രവർത്തന പരിധിയായി 4-2-2003-ൽ രജിസ്റ്റർ ചെയ്ത് 15-2-2003-ൽ കാവാലം നോർത്ത് ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച സഹകരണ സംഘമാണ്. ടി സംഘം വളരെ വർഷങ്ങളായി പ്രവർത്തനരഹിതമായതിനാൽ സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള യാതൊരു സാദ്ധ്യതയും കാണുന്നില്ലായെന്നും, മേൽ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ് എന്നും പരിശോധനാ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എ. ആർ. ജനറൽ ശിപാർശ ചെയ്തിട്ടുണ്ട്.

തുടർന്ന് സംഘം പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്നും ഈ നടപടിക്കെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നിശ്ചിത സമയ പരിധിക്കുള്ളിൽ ബോധിപ്പിക്കണമെന്നും കാണിച്ച് സഹകരണ നിയമം വകുപ്പ് 77 (1) പ്രകാരമുള്ള സൂചന (3) നോട്ടീസ് പുറപ്പെടുവിക്കുകയും നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഈ ആഫീസിൽ ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

ഏത് ഉദ്ദേശലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാണോ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്, ആ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംഘം പരാജയപ്പെട്ടിരിക്കുന്നുവെന്നും സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു സാദ്ധ്യതയില്ലായെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ ടി സംഘം പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടികയിൽ തുടർന്ന് പോകേണ്ട ആവശ്യം ഇല്ലായെന്നും ഉത്തമബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഉത്തരവ്**

കാവാലം കുന്നുമ്മ വില്ലേജ് കാർഷികോൽപ്പന്ന സംഭരണ വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ എ 1086-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം സമാപ്തീകരിക്കുന്നതിനായി, ടി നിയമം വകുപ്പ് 72 പ്രകാരം കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കാവാലം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ എല്ലാവിധ മുതലുകളുടെയും റിക്കാർഡുകളുടെയും ചുമതല ലിക്വിഡേറ്റർ ഏറ്റെടുത്ത് വിവരം ഈ ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചാർജ്ജെടുക്കുന്ന തീയതിയിലെ വരവ് ചെലവ് കണക്കും ബാക്കി പത്രവും അയച്ചുതരേണ്ടതാണ്. ലിക്വിഡേറ്റർ സഹകരണ നിയമം വകുപ്പ് 73, ചട്ടം 69(12) എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള സമയപരിധിക്കകം സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
ആലപ്പുഴ. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

REGISTRATION CERTIFICATE

No. REG/A/2024/00062 . *18th November 2025.*

I do hereby certify in exercise of the powers conferred upon me under section 7 of the Kerala Co-operative Societies Act 1969 (Act 21 of 1969) that the Cherthala Taluk Parambaragatha Vyavasaya Thozhilali Kshema Co-operative Society Ltd No. A1277 in Cherthala Taluk, Alappuzha District is registered by me today as a Co-operative Society under the said Act, on the basis of limited liability and that the byelaws of the aforesaid society is also hereby registered under the said section.

CATEGORICAL STATEMENT

| | | | |
|---|---|---|---|
| 1. | Name and Number of the Society | — | Cherthala Taluk Parambaragatha Vyavasaya Thozhilali Kshema Co-operative Society Ltd No. A1277 |
| 2. | Date of Registration | — | 18-11-2025 |
| 3. | Address | — | Kanjikuzhy, S L Puram P. O., Cherthala, Alappuzha |
| 4. | Liability | — | Limitted |
| 5. | Area of Operation | — | Cherthala Taluk |
| 6. | Main Object | — | For the welfare and development of workers working in the traditional industrial sector of Cherthala taluk of Alappuzha district |
| 7. | Type of Society | — | Miscellaneous Societies-(1) Social Welfare Societies-, as per Rule 15-(12)(1) |
| 8. | Authorised Share Capital | — | ₹ 8000000<br>(1) 20000 A Class share of ₹ 250 each<br>(2) 20000 B Class share of ₹ 100 each<br>(3) 20000 C Class share of ₹ 50 each |
| 9. | Maximium Borrowing Power | — | 100 times of paidup share capital + reserve fund |

Office of the Joint Registrar (General) of Co-operative Societies, Alappuzha.

(Sd.)
*Joint Registrar of Co-operative Societies (General).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : സുബിന, വി. കെ.)

(1)

നമ്പർ HM/1568/2024. 2026 ഫെബ്രുവരി 25.

വിഷയം:— സഹകരണ വകുപ്പ്— കസ്തൂർബ വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 1087— സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന:— (1) കുട്ടനാട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 25-7-2024-ലെ ARGKND/531/2024-OI(1) നമ്പർ കത്ത്.

(2) ചമ്പക്കുളം യൂണിറ്റ് ഇൻസ്പെക്ടർ സമർപ്പിച്ച സഹകരണ നിയമം വകുപ്പ് 66-പരിശോധന റിപ്പോർട്ട്.

(3) ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ച 25-9-2024 തീയതിയിലെ സഹകരണ സംഘം നിയമം വകുപ്പ് 77(1) പ്രകാരമുള്ള HM/1451/2024 നമ്പർ നോട്ടീസ്.

കസ്തൂർബ വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 1087-ൽ സഹകരണ സംഘം നിയമം 66 വകുപ്പ് പരിശോധന നടത്തുന്നതിന് കുട്ടനാട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 24-5-2024-ലെ ARGKND/531/2024-OI(1) നമ്പർ ഉത്തരവ് പ്രകാരം ടി ആഫീസിലെ ചമ്പക്കുളം യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ടി സംഘം ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ രാമങ്കരി ആസ്ഥാനമാക്കി രാമങ്കരി, പുളിങ്കുന്ന്, മുട്ടാർ, വെളിയനാട്, തലവടി എടത്വാ പഞ്ചായത്തുകൾ പ്രവർത്തന പരിധി ആയി 28-2-2003-ൽ രജിസ്റ്റർ ചെയ്ത് 2-3-2003-ൽ പ്രവർത്തനമാരംഭിച്ച സഹകരണ സംഘമാണ്.

ടി സംഘം വളരെ വർഷങ്ങളായി പ്രവർത്തനരഹിതമായതിനാലും സംഘം വക ജംഗമ വസ്തുക്കളും, റിക്കാർഡുകളും നശിച്ച് പോയതിനാലും സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള യാതൊരു സാധ്യതയും കാണുന്നില്ലായെന്നും, മേൽ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും പരിശോധന ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എ ആർ ജനറൽ ശിപാർശ ചെയ്തിട്ടുണ്ട്.

തുടർന്ന് സംഘം പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്നും ഈ നടപടിക്കെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നിശ്ചിത സമയ പരിധിക്കുള്ളിൽ ബോധിപ്പിക്കണമെന്നും കാണിച്ച്, സഹകരണ നിയമം വകുപ്പ് 71(1) പ്രകാരമുള്ള സൂചന (3) നോട്ടീസ് പുറപ്പെടുവിക്കുകയും, നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഈ ആഫീസിൽ ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏത് ഉദ്ദേശലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയാണോ സംഘം രജിസ്റ്റർചെയ്യപ്പെട്ടത്, ആ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംഘം പരാജയപ്പെട്ടിരിക്കുന്നുവെന്നും സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു സാദ്ധ്യതയില്ലായെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ ടി സംഘം പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടികയിൽ തുടർന്ന് പോകേണ്ട ആവശ്യം ഇല്ലായെന്നും ഉത്തമബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കസ്തൂർബ വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 1087-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം സമാപ്തീകരിക്കുന്നതിനായി, ടി നിയമം വകുപ്പ് 72 പ്രകാരം കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ചമ്പക്കുളം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ എല്ലാവിധ മുതലുകളുടേയും റിക്കാർഡുകളുടേയും ചുമതല ലിക്വിഡേറ്റർ ഏറ്റെടുത്ത് വിവരം ഈ ആഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചാർജ്ജെടുക്കുന്ന തീയതിയിലെ വരവ് ചെലവ് കണക്കും ബാക്കി പത്രവും അയച്ചുതരേണ്ടതാണ്. ലിക്വിഡേറ്റർ സഹകരണ നിയമം വകുപ്പ് 73, ചട്ടം 69(12) എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള സമയപരിധിക്കകം സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

(2)

നമ്പർ HM/1850/2025. 2026 ഫെബ്രുവരി 6.

വിഷയം:— സഹകരണ വകുപ്പ്—വാരനാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം എ 991-സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ചേർത്തല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 19-7-2025 തീയതിയിലെ ARGCTA/991/619/2025 നമ്പർ കത്ത്.

(2) ചേർത്തല സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മുഹമ്മ യൂണിറ്റ് ഇൻസ്പെക്ടർ സമർപ്പിച്ച വകുപ്പ് 66-പരിശോധനാ റിപ്പോർട്ട്.

(3) ഈ ആഫീസിൽ നിന്നും സഹകരണ നിയമം വകുപ്പ് 77(1) പ്രകാരം പുറപ്പെടുവിച്ച 2-9-2025 തീയതിയിലെ HM/1850/2025 നമ്പർ നോട്ടീസ്.

വാരനാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം എ 991-ൽ സഹകരണ നിയമം 66 വകുപ്പ് പരിശോധന നടത്തുന്നതിന് ചേർത്തല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 15-1-2025-ലെ A/03/2025 നമ്പർ ഉത്തരവ് പ്രകാരം ടി ആഫീസിലെ മുഹമ്മ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(2) പ്രകാരം പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ വാരനാട് ആസ്ഥാനമായി 26-7-1994-ൽ രജിസ്റ്റർ ചെയ്ത് 18-8-1994-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. വർഷങ്ങളായി യാതൊരു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രവർത്തനവും ഇല്ല. നിയമാനുസൃത ഭരണസമിതിയോ, അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയോ ഇല്ല. സംഘത്തിന് പുനരുജ്ജീവനത്തിനു യാതൊരു സാധ്യതയുമില്ല എന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ടി സംഘം പ്രവർത്തനരഹിതമായതിനാലും സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള യാതൊരു സാധ്യതയും കാണുന്നില്ലായെന്നും, മേൽ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പരിശോധന ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് ചേർത്തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്തിട്ടുണ്ട്.

തുടർന്ന് സംഘം പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്നും ഈ നടപടിക്കെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നിശ്ചിത സമയ പരിധിക്കുള്ളിൽ ബോധിപ്പിക്കണമെന്നും സൂചിപ്പിച്ച് സഹകരണ നിയമം വകുപ്പ് 77(1) പ്രകാരമുള്ള സൂചന (3) നോട്ടീസ് പുറപ്പെടുവിക്കുകയും, നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഈ ആഫീസിൽ ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

ഏത് ഉദ്ദേശലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയാണോ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്, ആ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംഘം പരാജയപ്പെട്ടിരിക്കുന്നുവെന്നും സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു സാദ്ധ്യതയില്ലായെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ ടി സംഘം പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടികയിൽ തുടർന്ന് പോകേണ്ട ആവശ്യം ഇല്ലായെന്നും ഉത്തമബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

വാരനാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം എ 991-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 7 1 പ്രകാരം സമാപ്തീകരിക്കുന്നതിനായി, ടി നിയമം വകുപ്പ് 72- പ്രകാരം ചേർത്തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മുഹമ്മ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ എല്ലാവിധ മുതലുകളുടേയും റിക്കാർഡുകളുടേയും ചുമതല ലിക്വിഡേറ്റർ ഏറ്റെടുത്ത് വിവരം ഈ ആഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചാർജ്ജെടുക്കുന്ന തീയതിയിലെ വരവ് ചെലവ് കണക്കും ബാക്കി പത്രവും അയച്ചു തരേണ്ടതാണ്. ലിക്വിഡേറ്റർ സഹകരണ നിയമം, ചട്ടം എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള സമയപരിധിക്കകം സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
ആലപ്പുഴ. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Digitally signed by VEERAN T
Date:2026.05.26 03:49:21 +05:30